## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3974.       27.06.2012-ൽ മറുപടിയ്ക്ക്**

## സർക്കാർ ആശുപത്രികൾക്ക് മരുന്ന് വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ മരുന്നും ഉപകരണങ്ങളും ചികിത്സയ്ക്കുവേണ്ട മറ്റു സാധനങ്ങളും വേണ്ടത്ര ലഭ്യമല്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; | (എ) | മെഡിക്കൽ കോളേജ് ആശുപത്രികൾ റഫേഡ് ആശുപത്രികളായിട്ടാണ് പ്രവർത്തിക്കാനുള്ളത്. എന്നാൽ ഒരു കൊളീജിയറ്റ് ഹോസ്പിറ്റലും ശരിയാംവണ്ണം റഫേഡ് ആശുപത്രികളായി പ്രവർത്തിക്കുന്നില്ല. ആയതിനാൽ രോഗികളുടെ ബാഹുല്യം കാരണം വിവിധ തരത്തിലുള്ള ചികിത്സാ ആവശ്യമായി വരുന്ന സാധന സൗകര്യങ്ങൾ വേണ്ടത്ര ലഭ്യമാക്കുവാൻ കഴിയുന്നില്ല. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്കാവശ്യമായ മരുന്നും ഉപകരണങ്ങളും ലഭ്യമാണ്. |
| (ബി) | പ്രസ്തുത ദൗർലഭ്യം പരിഹരിക്കുതിനായി അധിക തുക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ; | (ബി) | സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റ് മുതലായ മാർഗ്ഗങ്ങൾ വഴി കഴിഞ്ഞ വർഷം 49.91 കോടി രൂപ പ്ലാൻ ഫണ്ടിലും 4.11 കോടി രൂപ നോൺ-പ്ലാൻ ഇനത്തിലും മെഡിക്കൽ കോളേജുകളുടെ ഉന്നമനത്തിനായി അനുവദിച്ചിട്ടുണ്ട്.<br>പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ നിന്ന് |

| | | | |
|---|---|---|---|
| | | | 86.5 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. മറ്റ് രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കൊപ്പം അവശ്യ സന്ദർഭങ്ങളിൽ മരുന്നു വാങ്ങാനും ഈ ഫണ്ട് ഉപയോഗിക്കാറുണ്ട്. |
| (സി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകുന്നതല്ലാതെ മുൻകാലത്തേതിൽ നിന്നും വ്യത്യസ്മായി സൗജന്യ മരുന്നു വിതരണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) | സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതിന് 07/06/2012 - ലെ ജി.ഒ.(എം.എസ്) നം.170/12/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

B.V.Kumar

സെക്ഷൻ ഓഫീസർ